**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **05-12-2022 - ൽ മറുപടിയ്ക്ക്**

**തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ നിലവിലെ നിയമം പര്യാപ്തമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെന്ന് കണ്ടതിനെ തുടർന്ന് അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സുപ്രീം കോടതിയുടെ അനുമതി തേടിയിരുന്നുവെങ്കിലും ആയത് ബഹു. കോടതി പരിഗണിക്കുകയുണ്ടായില്ല. |
| (ബി) | അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സുപ്രീംകോടതിയുടെ അനുമതി നേടാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന തെരുവുനായ്ക്കളുടെ ആക്രമണം തടയാൻ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ലെന്ന് കണ്ടതിനെ തുടർന്ന് അക്രമകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് സുപ്രീം കോടതിയുടെ അനുമതി തേടിയിരുന്നുവെങ്കിലും ആയത് ബഹു. കോടതി പരിഗണിക്കുകയുണ്ടായില്ല. |
| (സി) | ഇത്തരം കാര്യങ്ങൾക്ക് ചെലവ് വരുന്ന തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, വന്ധ്യംകരണം, തെരുവ് നായ്ക്കൾക്കും ഉപേക്ഷിക്കപ്പെട്ട നായ്ക്കൾക്കുമുള്ള അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, അവയുടെ പരിപാലനം, ഐ.ഇ.സി ക്യാംപെയിൻ മുതലായ പ്രവർത്തനങ്ങൾക്കുള്ള ചെലവ് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. |
| (ഡി) | പ്രസ്തുത നടപടികൾ തെരുവുനായ പ്രശ്നത്തിന് ശാശ്വത പരിഹാരമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ബഹു. സുപ്രീം കോടതിയുടെയും ബഹു. ഹൈക്കോടതിയുടെയും നിലവിലെ വിധിന്യായങ്ങളുടെ പരിധിക്കുള്ളിൽ നിന്ന് ചെയ്യാൻ സാധ്യമായ എല്ലാ കർമ്മ പരിപാടികളും സർക്കാർ ഇതിനോടകം തന്നെ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും ശാശ്വത പരിഹാരത്തിന് കൂടുതൽ ശക്തമായ നടപടികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ